(ബി) ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടി ക്രമങ്ങളുടെ വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) ചാലക്കുടി പനമ്പിള്ളി ഗവൺമെന്റ് കോളേജിൽ ലൈബ്രറി ബ്ലോക്ക് നിർമ്മിക്കുന്നതിനുള്ള പ്രെപ്പോസൽ ചാലക്കുടി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ലഭിച്ച റഫ്കോസ്റ്റ് എസ്റ്റിമേറ്റ് സഹിതം ഭരണാനുമതിക്കായി സർക്കാരിലേക്ക് സമർപ്പിക്കുകയുണ്ടായി. എന്നാൽ 6-5-2009-ലെ 37/09/ഫിൻ സർക്കുലറിന്റെ അടിസ്ഥാനത്തിൽ വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. വിശദമായ പ്രൊപ്പോസൽ ലഭിച്ചാലുടൻ ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്.

നോൺ ടീച്ചിംഗ് സ്റ്റാഫുകളെ നിയമിക്കാൻ നടപടി

88 (3842) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കണ്ടറി സ്കൂളുകളിൽ നോൺ ടീച്ചിംഗ് സ്റ്റാഫുകളെ നിയമിക്കാത്ത സാഹചര്യത്തിൽ ഏകജാലകം ഉൾപ്പെടെയുള്ള എല്ലാ ക്ലറിക്കൽ ജോലികളും ചെയ്യേണ്ടിവരുന്ന പ്രിൻസിപ്പൽമാരുടെ പ്രവൃത്തിഭാരം കുറയ്ക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ ;

(ബി) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ നോൺ ടീച്ചിംഗ് സ്റ്റാഫുകളായ ക്ലാർക്ക്, ലൈബ്രേറിയൻ, പ്യൂൺ, മീനിയൽ തുടങ്ങിയ തസ്തികകൾ സൃഷ്ടിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത ജോലികൾ ചെയ്യേണ്ടി വരുന്ന പ്രിൻസിപ്പാളിന്റെയും അദ്ധ്യാപകരുടേയും സമയം പൂർണ്ണമായും പാഠ്യ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയാതെ വരുന്നതുമൂലം ഹയർ സെക്കണ്ടറി സ്കൂളുകളുടെ പഠന നിലവാരം താഴുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത തസ്തികയിലേക്ക് നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly